# മാർക്സ്, ലെനിൻ, അജിത

കെ. ടി. ബാബുരാജ്



മാർക്സ്, ലെനിൻ, അജിത
കെ. ടി. ബാബുരാജ്
(മലയാളം: ചെറുകഥ)

© 2021, K. T. Baburaj

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Cactus Man, a painting by Odilon Redon (1840–1916). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മാർക്സ് ലെനിൻ അജിത

പരാജയപ്പെട്ട ഒരാത്മഹത്യാശ്രമത്തിനു ശേഷം സർക്കാരാശുപത്രിയിലെ ജനറൽ വാർഡിലെ ഇളകുന്നൊരു കട്ടിലിൽ വയറു കഴുകി ശുദ്ധനാക്കിക്കിടത്തപ്പെട്ട ജോസഫേട്ടന്റെ അബോധത്തിനു ചുറ്റും അവർ മൂന്നു പേരും നിരന്നു. മാർക്സ്, ലെനിൻ, അജിത. ജോസഫേട്ടന്റെ മൂന്നു മക്കൾ. ജോസഫേട്ടന്റെ ഭാര്യ സാവിത്രി ജനറൽ വാർഡിലേക്കു കയറുന്ന പഴയ കമാനത്തിനരികിൽ എന്തുപറ്റിയെന്ന ഏതോ രോഗിയുടെ കൂട്ടിരിപ്പുകാരന്റെ ചോദ്യത്തിന് "അതൊന്നൂല്ല. ഇന്നലെ കുടിച്ചു ബോധം പോയപ്പോൾ അറിയാതെന്തോയെടുത്ത് കഴിച്ചു പോയി. റബ്ബറിനടിക്കാൻ കൊണ്ടുവന്ന മരുന്നുണ്ടായിരുന്നേ..." എന്നൊരു കള്ളം പറഞ്ഞു പെട്ടെന്നു തിരിഞ്ഞു. ജോസഫേട്ടന്റെ കട്ടിലിനരികിൽ എത്തുന്നതിനു മുമ്പേ സാവിത്രി കൈകൊണ്ട് കണ്ണും സാരിത്തലപ്പു കൊണ്ട് മൂക്കും തുടച്ചിരുന്നു.



മക്കൾ മൂവരും മൂന്നു നേരത്താണ് ആശുപത്രിയിലെത്തിയത്. മാർക്സിന് തന്റെ വെൽഡിംഗ് വർക്ക്ഷോപ്പിൽ അത്യാവശ്യമായി തീർത്തു കൊടുക്കേണ്ട കുറച്ചു പണികളുണ്ടായിരുന്നു. വിവരമറിഞ്ഞ് അജിത സ്റ്റാന്റിൽ കൃ വിലിട്ടിരുന്ന തന്റെ ഓട്ടോയുമെടുത്ത് വേവലാതി പിടിച്ച് പാഞ്ഞുവരികയായിരുന്നു. ലെനിനെ ലൈനിൽ കിട്ടാൻ കുറേ വൈകി. അവൻ ഔട്ടോഫ് സ്റ്റേഷൻ ആയിരുന്നു. നേതാവിനൊപ്പം ബോഡി ഗാർഡായി നടക്കുന്നവന് സ്ഥലകാലങ്ങളൊന്നുമില്ലല്ലോ. നേതാവെവിടെ അവിടെ. എന്നിട്ടും ലെനിൻ പുലരുമ്പോഴേക്കും ആശുപത്രിയിലെത്തിയിരുന്നു. എത്തിയ ഉടൻ അമ്മയോട് ചോദിച്ചത് പൈസ എന്തെങ്കിലും വേണോ എന്ന അവന്റെ സ്ഥിരം ചോദ്യമായിരുന്നു. ഒപ്പം എന്തിനാണീ ധർമ്മാശുപത്രിയിൽ കൊണ്ടുവന്നത്. വല്ല സ്പെഷാലിറ്റി ഹോസ്പിറ്റലിലോ മറ്റോ കൊണ്ടുപോയിക്കൂടായിരുന്നോ എന്നും. പതിവുപോലെ സാവിത്രി കൊടുത്ത മറുപടി ലെനിനെ ക്ഷുഭിതനാക്കി. "അങ്ങേരുടെ കാര്യത്തില് എന്തു വേണമെന്ന് എനിക്കറിയാം. പിന്നേ നിന്റെ ഔദാര്യം വേണ്ട സമയത്ത് അറിയിച്ചോളാം."

ഇവറ്റകള് ഒരിക്കലും ഗുണം പിടിക്കില്ല എന്നുള്ള ലെനിന്റെ പല്ലുകൾക്കിടയിൽ ഞെരിയുന്ന വാക്കുകൾ കേൾക്കാൻ നിക്കാതെ സാവിത്രി ജോസഫേട്ടന്റെ അരികിൽ ചെന്നിരുന്നു സാരിത്തലപ്പു കൊണ്ട് നെറ്റിത്തടത്തിൽ പടർന്ന വിയർപ്പൊപ്പാൻ തുടങ്ങി.

"നിങ്ങള് വേണേങ്കില് പോയ്ക്കോളൂ ഞാനിവിടെ അമ്മയോടൊപ്പം നിന്നോളാം" എന്ന് അജിത ഏട്ടൻമാരോട് പറഞ്ഞു. മാർക്സ് പേഴ്സ് തുറന്ന് അഞ്ചൂറു രൂപയുടെ രണ്ട് നോട്ടെടുത്ത് അജിതക്കു നേരെ നീട്ടി പറഞ്ഞു. "കമ്പനിയില് കുറച്ച് പണിതീരക്കുണ്ട്. എന്തെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ വിളിച്ചാൽ മതി." എന്നിട്ട് ലെനിനോട് കണ്ണുകൊണ്ടൊരാംഗ്യം കാട്ടി പുറത്തേക്കു നടന്നു.


ലെനിന് അവന്റെ അമർഷം അടക്കിവെക്കാൻ വല്ലാതെ പാടുപെടേണ്ടി വന്നു. വില കൂടിയ ഖദറിന്റെ കുപ്പായത്തിന് വലിയ ചുളിവൊന്നും പറ്റാതിരിക്കാൻ അവൻ ഓരോ നിമിഷവും ശ്രമിച്ചുകൊണ്ടിരുന്നു. എവിടെയും തൊടാതെ അജിതയിലേക്കു കുനിഞ്ഞ് അവൻ ഇത്രമാത്രം പറഞ്ഞു: "എന്റെ കാശു മാത്രം ഇവിടെ ആർക്കും പറ്റില്ല അല്ലേ..." പെട്ടെന്ന് ജോസഫേട്ടനിൽ നിന്നും ഒരു ചുമ ഉയർന്നു. അച്ഛൻ ഉണരുകയാണോ എന്ന വേവലാതിയിൽ ലെനിൻ രണ്ടു ചുവട് പിന്നോട്ട് മാറി. സാവിത്രി ജോസഫേട്ടന്റെ നെഞ്ചിൽ പതുക്കെ തലോടി. ചുമ ശാന്തമായി. ജോസഫേട്ടൻ വീണ്ടും മയക്കത്തിലേക്കു വീണു.

അടിയന്തിരാവസ്ഥയുടെ വാർഷിക ദിനമായിരുന്നു ഇന്നലെ. ടൗണിൽ പഴയ സഖാക്കളുടെ ഒത്തുകൂടൽ ഉണ്ടായിരുന്നു. ജോസഫേട്ടനെത്തുമ്പോൾ പതിനൊന്നു മണി കഴിഞ്ഞിരുന്നു. മുറിബീഡി പുകച്ചും കട്ടൻ ചായ കുടിച്ചും സഖാക്കൾ അധികം ഒച്ചയൊന്നുമില്ലാതെ കുശലങ്ങൾ ചോദിച്ചു കൊണ്ടിരുന്നു. ചിലർ കൈകൾ പിടിച്ചമർത്തി. ചിലർ തോളിൽ തൊട്ടു. ജോസഫേട്ടായെന്ന് കൂട്ടത്തിൽ കുഞ്ഞനായ പവിത്രൻ വിളിച്ചു. സെയ്ത്തലവി കീശയിൽ നിന്നും കാഴ്ചയിൽ വളരെ ചെറുതെന്നു തോന്നിക്കുന്ന മൊബൈലെടുത്ത് ഒരു കൈ കൊണ്ട് ജോസഫേട്ടനെ തടഞ്ഞു നിർത്തി പറഞ്ഞു. "ജോസേ ഒന്നു നിന്റെ നമ്പറു താടാ. ഞാനൊന്നു സെയിവ് ചെയ്തോട്ടേ."

എല്ലാവരോടും കുശലം പറഞ്ഞു തീരുന്നതിനു മുമ്പേ മീറ്റിംഗ് തുടങ്ങി. ആദ്യം രക്തസാക്ഷികൾക്കു വേണ്ടിയുള്ള മൗനാചരണമായിരുന്നു. കൃഷ്ണേട്ടൻ മാത്രം എഴുന്നേറ്റു നിന്നില്ല. പോലീസ് തല്ലിച്ചതച്ച കൃഷ്ണേട്ടന്റെ ഒരുകാല് പിന്നെ ജീവൻ വെച്ചിരുന്നില്ല.

യോഗനടപടികൾ തുടങ്ങി. അടിയന്തിരാവസ്ഥയുടെ ഭീകര നാളുകൾ, പോലീസ് മർദ്ദനം, ഭരണകൂടഭീകരത, കരിനിയമങ്ങൾ പോരാട്ടങ്ങൾ ജയിൽവാസം എന്നിവയൊക്കെ പ്രസംഗങ്ങളിൽ മുഴങ്ങി. സ്വാഗതം, അധ്യക്ഷപ്രസംഗം എന്നിവയെ തുടർന്ന് മുഖ്യ പ്രഭാഷണവുമുണ്ടായിരുന്നു. 'ഇടതുപക്ഷത്തേക്ക് ഒളിച്ചു കടത്തപ്പെടുന്ന വലതുപക്ഷ ആശയങ്ങൾ' എന്ന വിഷയത്തെക്കുറിച്ചാണ് ഒരു ചെറുപ്പക്കാരൻ സംസാരിച്ചത്. അയാൾ വക്കീലാണത്രേ.

അടിയന്തിരാവസ്ഥക്കെതിരെ പോരാടിയ ഒരു ശേഖരന്റെ മകനാണത്രെ. ജോസഫേട്ടന് എത്ര ഓർത്തിട്ടും ശേഖരനെ പിടികിട്ടിയില്ല. ഒരുപക്ഷേ, കണ്ണൂർ കമ്മിറ്റി ആയിരിക്കില്ല. ഏതായാലും ശേഖരന്റെ മകൻ ഇപ്പോഴും അച്ഛന്റെ പാതയിൽ തന്നെ ഉണ്ടല്ലോ. നല്ല പ്രസംഗവും വിനയവും. നന്നായി രാഷ്ട്രീയം പഠിച്ചിട്ടുമുണ്ട്. ഏതായാലും അവൻ മാർക്സോ ലെനിനോ ആയില്ലല്ലോ. അതു തന്നെ ആശ്വാസം. അപ്പോഴാണ് അധ്യക്ഷൻ ജോസഫേട്ടനെ ക്ഷണിച്ചത്. "ജോസഫേട്ടാ ഒരു കവിത ആയിക്കൂടെ... സിവിക്കിനേയും ബാലചന്ദ്രനെയുമൊക്കെ കേട്ടിട്ട് എത്രയായി..."



എല്ലാവരും നിർബന്ധിച്ചപ്പോഴാണ് ജോസഫേട്ടൻ മൈക്കിനരികിലേക്ക് നീങ്ങിയത്. മൈക്കിൽ മുട്ടി നോക്കി ജോസഫേട്ടൻ തൊണ്ടയനക്കി. വരികൾ, വാക്കുകൾ വഴിതെറ്റാതെ വരുമോ എന്ന സംശയം ജോസഫേട്ടന് അപ്പോഴുമുണ്ടായിരുന്നു. എങ്കിലും പഴയ മുഴക്കത്തിൽ തന്നെയാണ് ജോസഫേട്ടൻ പാടിത്തുടങ്ങിയത്.

> "നീയെനിക്കിപ്പോൾ വിളമ്പുമീയത്താഴം
> ഒടുവിലത്തത്താഴമാവാം..."

സിവിക്കിന്റെ അത്താഴം പാടിത്തുടങ്ങിയപ്പോഴേക്കും ജോസഫേട്ടന് ശരീരത്തിലാകമാനം ഒരു വിറയലുണ്ടായി. ആ വിറയൽ അവിടെ കൂടിയിരുന്ന പലരിലേക്കും വ്യാപിച്ചിരുന്നു.

> "എന്തു പറയും നീയവളോട്
> അച്ഛനിപ്പോൾ വരുമെന്നോ
> ഇനി വരികയേയില്ലെന്നോ..."

എന്നെത്തിയപ്പോഴേക്കും ജോസഫേട്ടന്റെ തൊണ്ടയിടറി. പിന്നെ തുടരാനായില്ല. അധ്യക്ഷൻ വന്ന് പതുക്കെ ജോസഫേട്ടന്റെ തോളിൽ തൊട്ടു.

യോഗം കഴിഞ്ഞപ്പോൾ പൊരിച്ച മീനോടു കൂടി ഊണും ഉണ്ടായിരുന്നു. കൈ കഴുകുമ്പോഴാണ് ദിവാകരനും അശോകനും അടുത്തുവന്നത്. "ജോസഫേട്ടന് തിരക്കൊന്നുമില്ലല്ലോ. നമ്മക്ക് കുറച്ചു കഴിഞ്ഞിറ്റ് പോവാം. കൊറെയായില്ലേ ഒന്നിച്ചിരുന്നിട്ട്"

"അതിനെന്താ അങ്ങനെയാവാല്ലോ..." ജോസഫേട്ടനും പറഞ്ഞു. ദിവാകരന്റെ സ്കൂട്ടറിനു പിറകിൽ ജോസഫേട്ടനിരുന്നു. അശോകനും ചന്ദ്രനും മൊയ്തുവും ഒരോട്ടോറിക്ഷയിൽ പിന്നാലെ വന്നു. അങ്ങനെയാണവർ ദിവാകരന്റെ ചാപ്പയിലെത്തിയത്.

ദിവാകരനിപ്പോഴും കള്ള് ചെത്ത് വിട്ടിട്ടില്ല. രാവിലെ ഏറിയ കള്ള് അവനന്ന് ഷാപ്പില് കൊടുത്തിട്ടില്ല. അശോകനും ചന്ദ്രനുമൊക്കെ കൂടെ കാണുമെന്ന് നേരത്തെ ദിവാകരന് അറിയാമായിരുന്നു. എല്ലാവരേയും ചാപ്പയിലിരുത്തി ദിവാകരൻ ഒന്നു കൂടെ സ്കൂട്ടറുമെടുത്ത് വീട്ടിലേക്കോടി. കുറച്ചു കപ്പയും നാടൻ കോഴി കുരുമുളകിട്ടു വറ്റിച്ചതും പാത്രത്തിലെടുത്ത് ഒരു പേക്കറ്റ് വറുത്ത അവിലും ചേർത്തു പിടിച്ച് വരുന്ന വഴിയിൽ ഒരു പാക്കറ്റ് സിഗരറ്റും തീപ്പെട്ടിയും കൂടി വാങ്ങി. നാലഞ്ചു ഗ്ലാസുകളെടുത്തില്ലല്ലോ എന്നോർത്തു. അല്ലെങ്കിലതു വേണ്ട ചാപ്പയിൽ നല്ല ചിരട്ടകൾ കാണും. അത്യാവശ്യം ഒന്നു രണ്ടു ഗ്ലാസും.

"ദിവാകരാ എനിക്കിത്തിരി മധുരക്കള്ള് കിട്ട്വോ. വല്ലാത്തൊരു പൂതി." ജോസഫേട്ടൻ ചോദിച്ചു. ദിവാകരൻ ഒരു ചിരിയോടെ ചാപ്പയുടെ മൂലയിൽ മാറ്റിവെച്ചൊരു കുടം ഒരു പ്ലാസ്റ്റിക്ക് മഗ്ഗിലേക്കു ചെരിച്ചു. അത് ജോസഫേട്ടന് നീട്ടുമ്പോൾ ദിവാകരൻ പറഞ്ഞു: "പുളിച്ചുതുടങ്ങീട്ടുണ്ടാവും."

"അത് സാരൂല്ല..." ഒരു കപ്പക്കഷണം കോഴിച്ചാറിൽ തൊട്ടു നാവിൽ വെക്കുമ്പോൾ ജോസഫേട്ടൻ പറഞ്ഞു: "കോഴി, ഇപ്പോഴും തീരെ പറ്റില്ല. പഴയ അരിശസ്സിന് ഒരു മാറ്റവും വന്നിട്ടില്ല." അശോകനാണ് പാടിത്തുടങ്ങിയത്. ആദ്യം 'സുമംഗലീ നീയോർമ്മിക്കുമോ' എന്ന പാട്ടാണ് പാടിയത്. മൊയ്തു നിർബന്ധിച്ചപ്പോഴാണ് യാത്രാമൊഴി ചൊല്ലിയത്. "അമ്മേ പിൻവിളി വിളിക്കാതെ മുടിനാരു കൊണ്ടെന്റെ കഴലുകെട്ടാതെ" എന്നു പാടിയപ്പോഴേക്കും അശോകന്റെയും തൊണ്ടയിടറി. നീയിപ്പോ അടുത്തെങ്ങാനും ബാലചന്ദ്രനെ കണ്ടോടാ എന്ന ചന്ദ്രന്റെ ചോദ്യത്തിന്. അയാളിപ്പം തിരക്കുള്ള നടനല്ലേയെന്ന് അശോകൻ മറുപടിയും പറഞ്ഞു.

അഞ്ചു ലിറ്ററിന്റെ ഒരു ക്യാൻ തീർന്നപ്പോൾ ദിവാകരൻ മറ്റൊന്നെടുത്തു. ഇടയ്ക്ക് "ദിവാകരേട്ടാ എന്തെങ്കിലുമുണ്ടോ" എന്നും ചോദിച്ച് ആ വഴിക്ക് വന്ന ഒന്നു രണ്ട് പിള്ളേർ ഒറ്റ വലിക്ക് ഓരോ മഗ്ഗ് വലിച്ചു കുടിച്ച് ചിറി തുടച്ചും കൊണ്ട് പോയി. വെയിൽ ചാഞ്ഞു തുടങ്ങിയിരുന്നു. ഒരു പിടി അവില്വാരി വായിലിട്ടു കൊണ്ട് ദിവാകരൻ പറഞ്ഞു. "എനിക്ക് വൈന്നേരത്തെ കുറച്ചുതെങ്ങ് ഏറാനുണ്ട്. നിങ്ങ കഥ പറഞ്ഞിരിക്ക്."

ദിവാകരൻ പോയപ്പോൾ അവർ നാൽവരും ഓരോ ഗ്ലാസുകൂടി അകത്താക്കി. കപ്പ തീർന്നിരുന്നു. കോഴിയും. ഇലയിൽ ബാക്കിയായ ചാറിൽ ഇത്തിരി അവിലിട്ടു പെരക്കി ജോസഫേട്ടൻ വാരി വായിലിട്ടു. എല്ലാവരും വീണ്ടും ഓരോ സിഗരറ്റിന് തീ കൊളുത്തി.

വലിച്ചൂതി വിട്ട പുകപടലങ്ങളിലേക്കു നോക്കി നാലുപേരും എന്തോ ആലോചിച്ചു. നീയിപ്പോ നാടകത്തിനൊന്നും പോവാറില്ലേ അശോകായെന്ന് ഇടയ്ക്ക് ജോസഫേട്ടൻ ചോദിച്ചു. നാടകമൊക്കെ തട്ടേന്നിറങ്ങിപ്പോയില്ലേ ജോസഫേട്ടാന്ന് അശോകനും. "അങ്ങനെ ഇറക്കിവിട്ടാൽ പോകുന്നതാണോടാ കല. അത് ഉള്ളിൽ കേറിയാ പിന്നെ ചാകുമ്പോഴേ ഇറങ്ങിപ്പോവുള്ളൂ. എന്റെ ഉള്ളില് നിന്റെയാ രാവണനിപ്പോഴുമുണ്ട്. ലങ്കാലക്ഷ്മിലെ രണ്ട് ഡയലോഗ് കാച്ച് അശോകാ..."

"പറ അശോകാ പറ" എന്ന് മൊയ്തുവും ചന്ദ്രനും ജോസഫേട്ടനൊപ്പം കൂടി. അശോകനപ്പോൾ ഹ ഹ ഹ യെന്ന് രാവണന്റെ ചിരി ചിരിച്ചു. കൈയിലുള്ള ഗ്ലാസ് ഒച്ചയോടെ പലകയിൽ വെച്ചു. മീശ പിരിച്ച് കഴുത്തു ചെരിച്ച് രാവണൻ മണ്ഡോദരിയെ നോക്കി.

"ഈ യുദ്ധത്തിൽ നിന്നും ഒഴിയാൻ നമ്മുക്കിനി സാധ്യമല്ല... മരിച്ചവർക്കു വേണ്ടി നാം യുദ്ധം ചെയ്യും. പക്ഷേ, ഈ യുദ്ധം നമ്മുടെ അവസാനത്തെ യുദ്ധമാണ്... പൊട്ടാത്ത പടച്ചട്ടകൾ നാം അണിയുകയാണ്. ഈ നിമിഷത്തിൽ ആത്മസഖിയോട്—ഒരുപക്ഷേ, മനശ്ശാന്തിക്കുവേണ്ടിയാകാം. ചോദിക്കട്ടെ. രാവണന്റെ ജീവിതം ഒരു പാഴ്ച്ചെലവായിരുന്നോ...?"

ചന്ദ്രനും മൊയ്തുവും ഉറക്കെ കൈയടിച്ചു. പക്ഷേ, ജോസഫേട്ടൻ കയ്യടിച്ചില്ല. ഒരു നിമിഷം ജോസഫേട്ടൻ അസ്വസ്ഥതയോടെ ഞെളിപിരി കൊണ്ടു. നിറച്ചു വെച്ച മൊയ്തുവിന്റെ ഗ്ലാസെടുത്ത് ഒറ്റവലിക്ക് മോന്തി.


"അതേടോ രാവണന്റെ ജീവിതം ഒരു പാഴ്ച്ചെലവായിരുന്നു. നമ്മടെയൊക്കെ ജീവിതവും ഒരു പാഴ്ച്ചെലവായിരുന്നോ... പറയെടാ പറയെടാ..." അശോകന്റെ കുപ്പായത്തിൽ മേലുള്ള ജോസഫേട്ടന്റെ പിടുത്തം വളരെ പണിപ്പെട്ടാണ് മൊയ്തുവും ചന്ദ്രനും കൂടി വിടുവിച്ചത്. ജോസഫേട്ടൻ വല്ലാതെ കിതച്ചു കൊണ്ടിരുന്നു. കിതപ്പടങ്ങിയപ്പോൾ പറഞ്ഞു. "എനിക്ക് വീട്ടില് പോണടോ..."

"ജോസഫേട്ടൻ തനിച്ച് പോണ്ട. ദിവാകരൻ വരട്ടെ ഓൻ നിങ്ങളെ സ്കൂട്ടറിൽ വീട്ടിലാക്കും." മൊയ്തു പറഞ്ഞു.

നിലാവു പരന്നു തുടങ്ങി. ദിവാകരനെ മുറുകെപ്പിടിച്ച് ജോസഫേട്ടൻ സ്കൂട്ടറിന്റെ പിറകിലിരുന്നു. അവ്യക്തമായ കാഴ്ചകൾ നിഴലും വെളിച്ചവുമായി പിന്നോട്ടു പാഞ്ഞു പോയി. സ്കൂട്ടറിൽ നിന്നിറക്കുമ്പോഴും ദിവാകരനെ മുറുക്കേ പിടിച്ച് ജോസഫേട്ടൻ ചോദിച്ചു: "നമ്മടെയൊക്കെ ജീവിതം ഒരു പാഴ്ച്ചെലവായിരുന്നോ ദിവാരാ..."

വീടിന്റെ തിണ്ണയിൽ ചാരി കുറേ നേരം ജോസഫേട്ടനിരുന്നു. സാവിത്രി എത്ര നിർബന്ധിച്ചിട്ടും ജോസഫേട്ടൻ അകത്തു കയറാൻ കൂട്ടാക്കില്ല. ഇടയ്ക്കിടെ കവിതകൾ ചൊല്ലിയും നാടകത്തിലെ ഡയലോഗുകൾ ഉരുവിട്ടും പിച്ചും പേയും പറഞ്ഞും സ്വയം തലമുടി പിടിച്ചു വലിച്ചും ജോസഫേട്ടൻ നേരം കഴിച്ചു. ക്ഷമകെട്ട് സാവിത്രി തിണ്ണയുടെ ഒരു മൂലയിൽ ചെന്നിരുന്ന് കുറച്ചു നേരം പുറത്തെ ആകാശത്തേക്കു നോക്കി. ഇടയ്ക്കിടെ ജോസഫേട്ടനെ ക്ഷുഭിതനാക്കുവാനെന്നോണം ചിലത് ചോദിക്കുകയും സ്വയം സമാധാനിക്കുകയും ചെയ്തു. അപ്പോൾ ജോസഫേട്ടൻ നാടകക്കാരനായി. നാടകക്കാരൻ ചോദിച്ചു: "ആത്മസഖീ, ഇത്തിരി മനഃസ്സമാധാനത്തിനു ചോദിക്കുന്നതാണെന്നു വെച്ചോളൂ. നമ്മളുടെയൊക്കെ ജീവിതം ഒരു പാഴ്ച്ചെലവായിരുന്നോ..."

"ഓ... പിന്നല്ലാതെ" അതും പറഞ്ഞ് ചുണ്ടു കോട്ടിച്ചിരിച്ച് സാവിത്രി അകത്തേക്ക് പോയിക്കളഞ്ഞു. "തോന്നുമ്പം വന്ന് കിടക്ക്" എന്നൊരു മറുഡയലോഗും.



ജോസഫേട്ടനുണരുമ്പോൾ കൊടുക്കാൻ ഇത്തിരി പൊടിയരിക്കഞ്ഞി വാങ്ങാൻ പാത്രവുമെടുത്ത് സാവിത്രി പുറത്തിറങ്ങിയപ്പോൾ അജിത അപ്പന്റെ കട്ടിലിൽ വന്നിരുന്നു. ജോസഫേട്ടൻ മയക്കത്തിൽ തന്നെയായിരുന്നു. അവൾ പതുക്കെ അപ്പന്റെ കൈവെള്ളയിൽ തലോടാൻ തുടങ്ങി. തലങ്ങും വിലങ്ങും പാഞ്ഞു പോവുന്ന രേഖകൾ എട്ടുകാലി വലപോലെ അപ്പന്റെ കൈകളിൽ പറ്റിക്കിടക്കുകയാണെന്ന് അവൾക്ക് തോന്നി. ഒച്ചയില്ലാതെ അപ്പാ അപ്പാ എന്നവൾ വിളിച്ചു. വിഷം കഴിക്കാൻ മാത്രം ഇത്രയും കാലം ഇല്ലാത്ത എന്തു സങ്കടമാണ് അപ്പനുണ്ടായേ എന്നവൾ ഉള്ളിൽ ചോദിച്ചു. മഹാസങ്കടങ്ങളുടെ പെരുങ്കടലായിട്ടും ചിരിച്ചു മാത്രമേ അപ്പനെ കണ്ടിട്ടുള്ളൂ എന്നവളോർത്തു. എപ്പോളോ അപ്പന്റെ വിരലുകൾ അവളെ മുറുകെ പിടിച്ചു. അപ്പൻ ഉണർന്നോ എന്നവൾ തുറിച്ചു നോക്കി. ഇല്ല. എങ്കിലും എന്റെ സാന്നിധ്യം അപ്പൻ അറിഞ്ഞിട്ടുണ്ട്. വീണ്ടും ജോസഫേട്ടന്റെ വിരലുകൾ അവളുടെ കൈകളെ അമർത്തി. തകർന്നു നിൽക്കുന്ന നേരങ്ങളിലൊക്കെ കരുത്തുപകരാൻ അപ്പൻ സാധാരണ ചെയ്യാറുള്ളതാണ്. "നീയെന്റെ വിപ്ലവത്തിന്റെ കരുത്തല്ലേ. അജിത. തോറ്റു കൊടുക്കാത്ത പെണ്ണ്. നിനക്കവനെ ഒട്ടും സഹിക്കാനാവുന്നില്ലെങ്കിൽ ഉപേക്ഷിക്ക്. ഒരു കോന്തൻ ഭർത്താവ്. ഒറ്റയ്ക്ക് ജീവിച്ചു കാട്ടിക്കൊടുക്ക്. ഒറ്റയ്ക്ക് നിൽക്കുന്ന പെണ്ണ് ഒരു തീ പന്തമാണ്"

അവളുടെ കണ്ണിൽ നിന്നും തീക്കനൽപോലൊരു തുള്ളി ജോസഫേട്ടന്റെ ഉള്ളംകൈയിൽ വീണു.

പൊടിയരി കഞ്ഞി ഊതിയൂതി കുടിക്കുമ്പോൾ ജോസഫേട്ടൻ സാവിത്രിയെ നോക്കി ചോദിച്ചു:

"പേടിച്ചു പോയോ നീയ്...?"

"എന്തിന്..." അവൾ തിരിച്ചു ചോദിച്ചു.

"ഫ്യൂരിടാനും മുഴുവനും കുടിച്ചില്ലല്ലോ. എപ്പോഴും ചെയ്യാറുള്ളതുപോലെ പാതി എനിക്ക് ബാക്കി വെച്ചില്ലേ..." സാവിത്രി ചിരിച്ചു. അവളുടെ കരിവാളിച്ച കണ്ണുകളിൽ അപ്പോൾ നക്ഷത്ര തിളക്കങ്ങളുണ്ടായി. അവൾ പറഞ്ഞു: "ഇന്ന് ഡിസ്ചാർജ്ജാണ്. വീട്ടില് പോണ്ടേ..."

വളവു തിരിവുകളിൽ ശ്രദ്ധയോടെ അധികം കുലുക്കമില്ലാതെ അജിത ഓട്ടോ ഓടിച്ചു. പിറകിൽ സാവിത്രിയുടെ ചുമലിൽ ചാരിയാണ് ജോസഫേട്ടനിരുന്നത്. ആ അവശതയിലും ചിരിച്ചുകൊണ്ട് ജോസഫേട്ടൻ അജിതയോട് ചോദിച്ചു: "അല്ല ഡ്രൈവറെ ഈ പഴഞ്ചൻ ഓട്ടോ മാറ്റാറായില്ലേ..."

"അതിന് കാശു വേണ്ടേ അപ്പാ"

"കാശിനെന്താ കൊഴപ്പം. നെനക്കിപ്പോ കെട്ടിയോന് ചെലവിനൊന്നും കൊടുക്കേണ്ടല്ലോ... ഹ ഹ ഹ"

"അപ്പനാ വെഷം മുഴുവനും എടുത്തു കുടിച്ചൂടായിരുന്നോ...?" അവളും വിട്ടുകൊടുത്തില്ല.

"കാശില്ലെങ്കില് നിനക്ക് നമ്മടെ ലെനിൻ സഖാവിനോട് ചോദിക്കായിരുന്നില്ലേ. കൂടപ്പെറപ്പല്ലേ..."

"അതേ... അതേ." ചിരി കടിച്ചു പിടിച്ച് സാവിത്രി ഇടയിൽ കയറി. "ടൗണിൽ പണിയുന്ന മാളികയുടെ ചുമരിലും തറയിലുമൊക്കെ ടൈലിനൊപ്പം പുത്തൻ നോട്ടുകളാണ് പതിച്ചിട്ടുള്ളതെന്നു കേട്ടു. ചോദിച്ചു നോക്ക്. കിട്ടാതിരിക്കില്ല."

അജിത പെട്ടെന്ന് ഓട്ടോ നിർത്തി. "അപ്പനും അമ്മയും മിണ്ടാതിരിക്കുന്നുണ്ടോ. അല്ലേല് രണ്ടിനേയും ഞാൻ വഴിയിലിറക്കി വിടും." അവൾ പറഞ്ഞു.

"ഓ... അപ്പോ ഞങ്ങളങ്ങ് നടന്നു പോവും. അത്ര തന്നെ" അജിതയുടെ ദേഷ്യത്തെ ഗൗനിക്കാതെ സാവിത്രി പറഞ്ഞു. ഇത്തിരി ദേഷ്യം നടിച്ചു കൊണ്ടു തന്നെ അജിത ആഞ്ഞു ഗിയർ വലിച്ചു. മുരണ്ടു കൊണ്ട് ഓട്ടോ മുന്നോട്ട് പാഞ്ഞു.

നേരം ഇരുട്ടിയിട്ടും അജിത പോകുന്നില്ലെന്നു കണ്ടപ്പോൾ ജോസഫേട്ടൻ ചോദിച്ചു. "എടീ കൊച്ചേ നീയിന്നു പോകുന്നില്ലേ. ഇനിയേതായാലും കഞ്ഞി കുടിച്ച് പോയാ മതി. തിരക്കിട്ടു പോയിട്ട് അവിടെ കെട്ട്യോനും കുട്ടികളുമൊന്നുമില്ലല്ലോ... ല്ലേ..."

"ഞാനിന്ന് പോകുന്നില്ല അപ്പാ. എനിക്കിന്ന് അപ്പന്റെ അടുത്തു കിടക്കണം. അപ്പനോട് ഒരുപാട് കഥ പറയാനുണ്ട്."

ജോസഫേട്ടൻ സാവിത്രിയുടെ മുഖത്തു നോക്കി. പിന്നെ പതുക്കെ മകളെ ചേർത്തു പിടിച്ച് അവളുടെ തലയിൽ തടവി. അമ്മയും മകളും ഇരുവശത്തായി അപ്പന്റെ മേൽ കൈവെച്ചു കിടന്നു. കഥയൊന്നും പറയാതെയാണ് അജിത ഉറങ്ങിപ്പോയത്. അവളുടെ മുഖത്ത് വല്ലാത്തൊരു ശാന്തത ജോസഫേട്ടൻ കണ്ടു.

ലൈറ്റണച്ചിട്ടും ജാലകത്തിലൂടെ വന്ന നിലാവിന്റെ തുണ്ട് അവരെ പുതപ്പിച്ചു. ജോസഫേട്ടനും സാവിത്രിയും ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. "മത്തായി സുവിശേഷം 16-ാം അധ്യായം 26-ാം വാക്യം എന്താണെന്നറിയോ നിനക്ക്" ജോസഫേട്ടൻ ചോദിച്ചു. ഇല്ലെന്ന് സാവിത്രി ചുമലിളക്കി. "എല്ലാം നേടുന്നതിനിടയിൽ ഒരുവന് തന്റെ ആത്മാവിനെ നഷ്ടപ്പെട്ടാൽ ആ മനുഷ്യനെ എന്തിനു കൊള്ളും"

"ഓ അതിന് ആത്മാവിനെ കളഞ്ഞേച്ച് നമ്മളൊന്നും നേടീട്ടില്ലല്ലോ ജോസഫേട്ടാ."

"ഇല്ലേ..."

"ഇല്ല. എനിക്കുറപ്പുണ്ട്."

"ആദർശം നഷ്ടപ്പെട്ട ആദർശവാനെന്ന് എന്നിട്ടും അവരെന്നെ കളിയാക്കിയത് പിന്നേ എന്തിനായിരുന്നു സാവിത്രി... നെറ്റിയിൽ കുങ്കുമ പൊട്ടും കൈയിൽ ഇത്രയേറെ ചരടുകളും മാർക്സിന് എന്തിനെന്ന്...? ഗുണ്ടാ നേതാവിന്റെ ശിങ്കിടിയാവാൻ ലെനിനോ...? അങ്ങനെ ഒരുപാട് ചോദ്യങ്ങൾ നേരിട്ടു ഞാൻ..."

"അല്ലേലും മക്കൾക്ക് ഇങ്ങനെ പേരിടാൻ എനിക്കൊരിക്കലും ഇഷ്ടമുണ്ടായിരുന്നില്ല. മൂന്നാമത്തേത് പെണ്ണായത് ഭാഗ്യമായി അല്ലേങ്കില് നിങ്ങളോന് വർഗ്ഗീസെന്ന് പേരിട്ടേനേ..."

ജോസഫേട്ടൻ ചിരിച്ചു. സാവിത്രിയും ചിരിച്ചു. അവരുടെ നിർത്താതെയുള്ള ചിരിയിൽ ജാലകത്തിലൂടെ വീണ നിലാവും ചേർന്നു.

□

## കെ. ടി. ബാബുരാജ്



കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് ജനനം. അച്ഛൻ കെ. നാരായണൻ, അമ്മ ടി. കാർത്യായനി. രാമവിലാസം എൽ. പി. സ്കൂൾ, വളപട്ടണം ഗവ. ഹൈസ്കൂൾ, കണ്ണൂർ എസ്. എൻ. കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, മാനന്തവാടി ബി. എഡ്. സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കണ്ണൂർ ആകാശവാണിയിൽ പ്രോഗ്രാം കോം പിയറായും, വിവിധ പ്രദേശിക ചാനലുകളിൽ അവതാരകനായും പ്രവർത്തിച്ചിരുന്നു. കുറേക്കാലം സമാന്തര കോളേജുകളിൽ അധ്യാപകനായി. പ്രൊഫഷണൽ ഫോട്ടോഗ്രാഫറാണ്. അദൃശ്യനായ കോമാളി, തീ അണയുന്നില്ല, ബിനാമി, ഒരു ദീർഘദൂര ഓട്ടക്കാരന്റെ ജീവിതത്തിൽ നിന്നും, മായാ ജീവിതം, സമകാലം (കഥകൾ) സാമൂഹ്യപാഠം, മഴനനഞ്ഞ ശലഭം, പുളിമധുരം, ഭൂതത്താൻ കുന്നിൽ പൂ പറിക്കാൻ പോയ കുട്ടികൾ (ബാലസാഹിത്യം) ജീവിതത്തോടു ചേർത്തുവെച്ച ചില കാര്യങ്ങൾ (അനുഭവം, ഓർമ്മ) ദൈവമുഖങ്ങൾ (നാടകം) Ammu and The Butter Fly എന്ന പേരിൽ മഴനനഞ്ഞ ശലഭം ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. അബുദാബി ശക്തി അവാർഡ് (1992) ഭാഷാ പുരസ്കാരം (2003) പി. ടി. ഭാസ്കര പണിക്കർ അവാർഡ് (2014) ഭീമ രജതജൂബിലി പ്രത്യേക പുരസ്കാരം (2015) സാഹിത്യ അക്കാദമി അവാർഡ് (2018) പ്രാദേശിക ദൃശ്യമാധ്യമ പുരസ്കാരം, കേരള സ്റ്റേറ്റ് ബയോഡൈവേർസിറ്റി ബോർഡിന്റെ ഫോട്ടോഗ്രാഫി അവാർഡ് (2017) കണ്ണാടി സാഹിത്യ പുരസ്കാരം (2019) പ്രൊഫ. കേശവൻ വെള്ളിക്കുളങ്ങര ബാല ശാസ്ത്രസാഹിത്യ അവാർഡ് (2019) എന്നിവ ലഭിച്ചിട്ടുണ്ട്. കേരള ഫോക് ലോർ അക്കാദമിയുടെ ഡോക്യുമെന്ററി പുരസ്കാരം (2020). ഷോർട് ഫിലിം ഡോക്യുമെന്ററി വിഭാഗങ്ങളിലായി പത്തോളം സിനിമകളും ചെയ്തിട്ടുണ്ട്.

ഭാര്യ: നിഷ, മക്കൾ: വൈഷ്ണവ്, നന്ദന.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.